**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2800** **03-08-2021 - ൽ മറുപടിയ്ക്ക്**

**കൃഷി ഭവനിലെ ഫലവൃക്ഷതൈ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിൽ ഉള്ളൂർ കൃഷിഭവനിൽ കഴിഞ്ഞ സാമ്പത്തിക വർഷം ഫല വൃക്ഷതൈകൾക്കു വേണ്ടി എത്ര ഗുണഭോക്താക്കൾ വിഹിതമടച്ചു എന്ന് വ്യക്തമാക്കാമോ; | (എ) | ജനകീയാസൂത്രണം 2020-21 ലെ പ്രോജക്ട് നമ്പർ 198 (ഫലവൃക്ഷ കൃഷിവ്യാപനം ഉള്ളൂരിൽ) എന്ന പദ്ധതിയിൽ 372 ഗുണഭോക്താക്കൾ ഗുണഭോക്തൃ വിഹിതം അടയ്ക്കുകയുണ്ടായി. |
| (ബി) | ഇവർക്ക് ഫല വൃക്ഷതൈകൾ വിതരണം ചെയ്തോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; പ്രസതുത തൈകൾ എന്നേക്ക് വിതരണം ചെയ്യും എന്നറിയിക്കാമോ; | (ബി) | കൃഷി വകുപ്പ് നടപ്പിലാക്കിയ "ഒരു കോടി ഫലവൃക്ഷ തൈ എന്ന പദ്ധതി" പ്രകാരം ലഭ്യമായ മുഴവൻ ഫലവൃക്ഷ തൈകളും യഥാസമയം നിർദ്ദിഷ്ട മാർഗ്ഗരേഖ പ്രകാരം നൽകിയിട്ടുണ്ട്. ജനകീയാസൂത്രണം 2020-21 ലെ ടി പദ്ധതിയിൽ 162 ഗുണഭോക്താക്കൾക്ക് ഫലവൃക്ഷ തൈകൾ വിതരണം ചെയ്തു കഴിഞ്ഞു. കോവിഡ് പശ്ചാത്തലത്തിൽ ഉൽപാദകർക്ക് യഥാസമയം തൈകൾ എത്തിക്കാൻ കഴിയാതെ പോയതിനാലാണ് ബാക്കിയുള്ള ഗുണഭോക്താക്കൾക്ക് ഫലവൃക്ഷ തൈകൾ വിതരണം ചെയ്യാൻ കാലതാമസം നേരിട്ടത്. എത്രയും വേഗം ഫലവൃക്ഷ തൈകൾ വിതരണത്തിന് എത്തിക്കാമെന്ന് ഉൽപ്പാദകർ അറിയിച്ചിട്ടുണ്ട്. 2021 ഓഗസ്റ്റ് 7-ാം തീയതിക്കുള്ളിൽ ബാക്കിയുള്ള മുഴവൻ ഗുണഭോക്താക്കൾക്കും ഫലവൃക്ഷതൈകൾ വിതരണം ചെയ്യാനാകും. |
| (സി) | ഈ കൃഷിഭവനിൽ വളം, വിത്തുകൾ, തൈകൾ എന്നിവ ജനകീയാസൂത്രണത്തിന്റെ ഭാഗമായി അപേക്ഷിച്ചവർക്ക് യഥാമസയം അവ വിതരണം ചെയ്യുന്നില്ല എന്ന പരാതിക്ക് പരിഹാരം കണ്ടെത്തുമോ; ആയത് യഥാസമയം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ; | (സി) | 2020-21 ജനകീയാസൂത്രണത്തിന്റെ വിവിധ പദ്ധതികളിലായി അപേക്ഷ സമർപ്പിക്കുകയും ഗുണഭോക്തൃവിഹിതം അടയ്ക്കുകയും ചെയ്ത മുഴവൻ പേർക്കും വിത്തുകളും തൈകളും വിതരണം ചെയ്തിട്ടുണ്ട്. 2021 ആഗസ്റ്റ് 7 നുള്ളിൽ തെങ്ങിൻ തൈകളുടെ വിതരണം പൂർത്തിയാക്കാനാകും. 41 കർഷകർക്കുള്ള തെങ്ങു വളം കൃഷി ഭവനിൽ നിന്നും വിതരണം ചെയ്തു വരുന്നുണ്ട്. |
| (ഡി) | കൃഷി ഓഫീസറും ജീവനക്കാരും കൃത്യസമയത്ത് ഓഫീസിൽ ഹാജരാകാത്തതും, കൃഷിക്കാർ | (ഡി) | കൃഷി ഭവൻ ജീവനക്കാർ എല്ലാ പ്രവർത്തി ദിവസങ്ങളിലും 10 മണിയ്ക്ക് മുൻപ്തന്നെ ഓഫീസിൽ |

| | | | |
|---|---|---|---|
| | ഇവരെക്കാത്ത് മണിക്കൂറുകൾ കാത്ത് നിൽക്കേണ്ട അവസ്ഥയ്ക്കും പരിഹാരം കണ്ടെത്തുമോ? | | എത്താറുണ്ട്. 5 മണിയ്ക്ക് ശേഷവും ജീവനക്കാർ ഓഫീസിൽ ഉണ്ടാകാറുണ്ട്. ആഴ്ച ചന്തയുള്ള ദിവസങ്ങളിൽ രാവിലെ 8.30 മണി മുതൽ ഓഫീസ് തുറന്ന് പ്രവർത്തിക്കാറുണ്ട്. അത്യാവശ്യ ഘട്ടങ്ങളിൽ പൊതു അവധി ദിവസങ്ങളിലും ഓഫീസ് തുറന്ന് പ്രവർത്തിക്കാറുണ്ട്. ഉദ്യോഗസ്ഥർ ഫീൽഡ് പരിശോധനക്കായി പോകേണ്ടി വരുമ്പോൾ കർഷകർക്ക് കൃഷി ഭവനിൽ കാത്തുനിൽക്കേണ്ട അവസ്ഥ ചുരുക്കം ചില സന്ദർഭങ്ങളിൽ ഉണ്ടാകാറുണ്ട്. ഭാവിയിൽ ഇത്തരം സന്ദർഭങ്ങൾ ആവർത്തിക്കാതിരിക്കുവാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ